**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3472** **26-06-2024 - ൽ മറുപടിയ്ക്ക്**

**പള്ളിപ്പുറം കച്ചേരി മൈതാനത്ത് സ്റ്റേജ് നിർമ്മിക്കുന്നതിനും കളിസ്ഥലം ഒരുക്കുന്നതിനുമുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ 1 കോടി 15 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച് ടെണ്ടർ കഴിഞ്ഞിട്ടുള്ള വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ കുഴുപ്പിള്ളി വില്ലേജിൽ സ്ഥിതി ചെയ്യുന്ന പള്ളിപ്പുറം കച്ചേരി മൈതാനത്ത് സ്റ്റേജ് നിർമ്മിക്കുന്നതിനും കളിസ്ഥലം ഒരുക്കുന്നതിനുമുള്ള അനുമതി ലഭിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് സമർപ്പിക്കുന്നതിലേയ്ക്കായി എറണാകുളം ജില്ലാ കളക്ടർ 02.05.2024 ന് സമർപ്പിച്ച റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; | (എ) | എറണാകുളം ജില്ലാ കളക്ടർ 02.05.2024 ന് ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ച റിപ്പോർട്ട് ലാന്റ് റവന്യൂ കമ്മീഷണറുടെ ഓഫീസിൽ എൽ.ആർ/1572/2024/എൽ.ആർ(ജെ7) നമ്പർ ഫയലിൽ സ്വീകരിച്ച് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാക്കി പ്രസ്തുത വിഷയം പരിശോധിച്ച് തീരുമാനം കൈക്കൊള്ളാവുന്നതാണ്. |
| (ബി) | ഇതു സംബന്ധിച്ച എൽ.ആർ/1572/2024/ എൽ.ആർ(ജെ7) നമ്പർ ഫയലിൽ എന്നത്തേക്ക് അനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | എറണാകുളം ജില്ലാ കളക്ടർ 02.05.2024 ന് ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ച റിപ്പോർട്ട് ലാന്റ് റവന്യൂ കമ്മീഷണറുടെ ഓഫീസിൽ എൽ.ആർ/1572/2024/എൽ.ആർ(ജെ7) നമ്പർ ഫയലിൽ സ്വീകരിച്ച് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാക്കി പ്രസ്തുത വിഷയം പരിശോധിച്ച് തീരുമാനം കൈക്കൊള്ളാവുന്നതാണ്. |

സെക്ഷൻ ഓഫീസർ